(എഫ്) പ്രസ്തുത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പെൻഷൻ, കുടുംബ പെൻഷൻ, പെൻഷൻ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി, മറ്റിനങ്ങൾ എന്നീ ഇനങ്ങളിലായി മൊത്തം 2408,82,61,552 രൂപയാണ് ചെലവായത്.

(ബി) 31-3-2003 വരെയുള്ള കണക്കനുസരിച്ച് 3,53,200 പേർ.

(സി) നടപ്പാക്കി തുടങ്ങിയിട്ടില്ല. 1-4-2005 മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ സ്കീം നടപ്പിലാക്കിയശേഷം സർവ്വീസിൽ വരുന്നവർക്കാണ് ബാധകമാകുന്നത്.

(ഇ) വിശദാംശങ്ങൾ തയ്യാറായിട്ടില്ല.

(എഫ്) ഇല്ല.

എം. എൽ. എ. ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നുള്ള റോഡ് പുനരുദ്ധാരണ പ്രവർത്തിക്കുള്ള ഫണ്ട് എന്നീ ഇനങ്ങളിൽ തീർപ്പാക്കാനുള്ള ബില്ലുകൾ

13 [2477] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നുള്ള റോഡ് പുനരുദ്ധാരണ പ്രവർത്തിക്കുള്ള ഫണ്ട് എന്നീ ഇനങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ കാലതാമസം കൂടാതെ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ ഓരോ നിയമസഭാ മണ്ഡലത്തിലും ഇത്തരം ഏതെല്ലാം പ്രവൃത്തിയുടെ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) എം. എൽ. എ. ഫണ്ട് പ്രകാരം പൂർത്തിയാക്കിയ പണികളുടെ ബിൽത്തുക നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയുടെ റോഡ് പുനരുദ്ധാരണ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly